LIBRARY ARCHIVES Kerala Legislative Assembly

ആറന്മുള നിയോജകമണ്ഡലത്തിൽപ്പെട്ട കോഴിപ്പാലം-കാരയ്ക്കാട് റോഡിന്റെ ശോചനീയാവസ്ഥ

79 [695] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽപ്പെട്ട കോഴിപ്പാലം-കാരയ്ക്കാട് റോഡിന്റെ ചെങ്ങന്നൂർ ഡിവിഷനിലെ മൂന്നു കിലോമീറ്റർ ദൂരവും പത്തനംതിട്ട ഡിവിഷനിൽപ്പെട്ട മൂന്നു കിലോമീറ്റർ ദൂരവും സഞ്ചാരയോഗ്യമല്ലാത്തതിനാൽ അറ്റകുറ്റപ്പണികൾ നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഈ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനം എന്നത്തേക്ക് നടത്താനാവും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) പ്രസ്തുത റോഡ് ഒ.ഡി.ആർ. വിഭാഗത്തിൽപ്പെടുന്നതും 2004 ഏപ്രിൽ മാസം മുതൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിൽ വരുന്നതുമാണ്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ വാളിക്കോട്, തേക്കട റോഡിന്റെ അറ്റകുറ്റപ്പണികൾ

80 [696] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2003-ൽ പുനരുദ്ധാരണ പ്രവർത്തനം ആരംഭിച്ച വാളിക്കോട്-വട്ടപ്പാറ, പഴക്കുറ്റി-തേക്കട റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കഴിഞ്ഞ 6 മാസക്കാലമായി സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) മേൽപ്പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ടി റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ചേർപ്പ് നിയോജകമണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ

81 [697] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകൾ ഏതൊക്കെയാണ്; ഇതിന്റെ നിലവിലുള്ള സ്ഥിതി (എം.ഡി.ആർ., ഒ.ഡി.ആർ. തുടങ്ങിയവ) എന്താണ്;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) 2004 ജൂൺ 18 വെള്ളിയാഴ്ച മാതൃഭൂമി (തൃശ്ശൂർ എഡിഷൻ) പത്രത്തിൽ "ചേർപ്പിൽ റോഡിൽ ചതിക്കുഴികളായി" എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണിക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇപ്പോൾ ടെണ്ടർ ചെയ്തു നിർമ്മാണം നടന്നുവരുന്ന റോഡുകൾ എന്നു പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചേർപ്പ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ തരംതിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) അടിയന്തിര അറ്റകുറ്റപ്പണികളും ഉപരിതലം പുതുക്കുന്ന പണികളും ആവശ്യാനുസരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ചേർപ്പ് അമ്മാടം റോഡിന്റെ പുനർ നിർമ്മാണം ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) 2005, മാർച്ച് 31-നകം പൂർത്തിയാക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly